

# സ്വാതന്ത്ര്യത്തിന്റെ ഉന്മീലനങ്ങൾ

സ്വാതന്ത്ര്യത്തിന്റെ മാനിഫെസ്റ്റോ (ഭാഗം II)
Unni R; Benyamin (editors)
(Malayalam: Article)

© 2018–2020, Unni R; Benyamin

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Anselm Kiefer Ave Maria, an installation by Anselm Kiefer (b. 1945). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# എഴുത്തുകാരോട്

—എൻ. എസ്. മാധവൻ

എഴുത്തുകാർ നേരിടുന്ന പ്രധാന വെല്ലുവിളി പൊതുബോധം അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്ന രാഷ്ട്രീയമായ ശരികളെ അതിജീവിക്കുക എന്നതാണ്. ഇന്നത്തെ കാലത്ത് സെൻസറിങ് നേരിട്ട് ആരും നടത്തുന്നില്ല, പകരം എഴുത്തുകാരെക്കൊണ്ട് അത് സ്വയം ചെയ്യിക്കുന്നു. ഒരു കഥാപാത്രത്തിന്റെ പേര്, അല്ലെങ്കിൽ ഒരു സംഭാഷണ ശകലം, ചിലപ്പോൾ ഒരു കൃതി മുഴുവനും തന്നെ രാഷ്ട്രീയമായ ശരിതെറ്റുകളുടെ പേരിൽ ആക്രമിക്കപ്പെടുന്നു. അവരുടെ ലക്ഷ്യം എഴുത്തിന്റെ മുനയൊടിക്കുക എന്നതാണ്. അതുകൊണ്ട് സ്വയം സെൻസർ ചെയ്യാനുള്ള ത്വരയിൽ നിന്നുള്ള മോചനമാണ് എഴുത്തുകാർ ലക്ഷ്യമാക്കേണ്ട പരമമായ സ്വാതന്ത്ര്യം.

# പ്രാകൃതരെയും കാത്ത്

—സി. പി. കവാഫി

ഈ പൊതുവേദിയിൽ നമ്മളാരെയാണ്
കാക്കുന്നത്?
പ്രാകൃതർ ഇന്നിവിടെ എത്തും.

സെനറ്റിലെന്താണ് ഒന്നും സംഭവിക്കാത്തത്?
സെനറ്റർമാരെന്താണ് നിയമങ്ങൾ
പാസ്സാക്കാത്തത്?

കാരണം പ്രാകൃതർ ഇന്നിവിടെ എത്തും.
ഇനിയെന്ത് നിയമങ്ങളാണ് സെനറ്റർമാർ
പാസ്സാക്കാൻ പോകുന്നതു?
പ്രാകൃതർ വന്ന് നിയമനിർമ്മാണം നടത്തിക്കോളും.

നമ്മുടെ ചക്രവർത്തി
എന്തിനാണിന്നിത്രനേരത്തേ എഴുന്നേറ്റ്,
നഗരത്തിന്റെ പ്രധാന കവാടത്തിൽ
പ്രൗഢിയോടെ, കിരീടവും ധരിച്ച്
സിംഹാസനത്തിലിരിക്കുന്നത്?

കാരണം പ്രാകൃതർ ഇന്നിവിടെ എത്തും.
ചക്രവർത്തി അവരുടെ സേനാപതിയെ
വരവേൽക്കാനായി കാത്തിരിക്കുന്നു.
അയാൾക്ക് കൊടുക്കാനായി
കുറെയേറെ പദവികളും ബഹുമതികളും മുദ്രവെച്ച
ആധാരച്ചുരുളുകളും നേരത്തെതന്നെ
അദ്ദേഹം തയ്യാറാക്കിയിരിക്കുന്നു.

എന്തിനാണ് നമ്മുടെ രണ്ട്
രാജ്യപ്രതിനിധികളും നീതിപതികളും
ചുവന്ന ചിത്രലങ്കാരമുള്ള മേലങ്കിയണിഞ്ഞുവരുന്നത്;
എന്തിനാണവർ സുഗന്ധക്കല്ല് പതിച്ചകൈവളകളും
തിളങ്ങുന്ന മരതകമോതിരവും അണിഞ്ഞിരിക്കുന്നത്;
എന്തിന്നാണവർ വിലപിടിപ്പുള്ള,
സ്വർണ്ണവും വെള്ളിയാലും
കൊത്തിയ ഊന്നുവടിയുമായിവരുന്നത്?

കാരണം പ്രാകൃതർ ഇന്നിവിടെ എത്തും.
മാത്രമല്ല അതവരുടെ കണ്ണ് മഞ്ഞളിപ്പിക്കും.

എന്തുകൊണ്ടാണ് യോഗ്യരായ പ്രഭാഷകർ
അവരുടെ പ്രസംഗത്തിനായി,
അവർക്ക് പറയാനുള്ളതുമായി
സാധാരണപോലെ പുറത്തിറങ്ങാത്തത്?

കാരണം പ്രാകൃതർ ഇന്നിവിടെ എത്തും.
പിന്നെ പ്രസംഗങ്ങളും പ്രഭാഷണങ്ങളും
അവരെ ബോറടിപ്പിക്കും.

എന്തുകൊണ്ടാണ് പെട്ടെന്നീ
അസ്വസ്ഥതയും ആകുലതയും?
(ആളുകളുടെ മുഖം എത്ര ഗൗരവപൂർണ്ണമാണ്.)
നിരത്തുകളും നാൽക്കവലകളും
എന്താണിത്രെ പെട്ടെന്ന് ആളൊഴിഞ്ഞിരിക്കുന്നത്?
എല്ലാവരും വീടണഞ്ഞിരിക്കുന്നു, ചിന്തയിലാണ്ടു്.

കാരണം രാത്രിയായെങ്കിലും
പ്രാകൃതരിവിടെ എത്തിയിട്ടില്ല.
കുറച്ചുപേർ രാജ്യാതിർത്തിയിൽ നിന്ന് വന്നിരുന്നു,
പ്രാകൃതരാരും ബാക്കിയില്ലെന്നവർ അറിയിച്ചു.

പ്രാകൃതരില്ലാത്ത നമ്മുടെ സ്ഥിതി എന്താവും?
അവർ ഒരുതരത്തിൽ ഒരു പരിഹാരമായിരുന്നു.

പരിഭാഷ: റാഫേൽ ജോസഫ്

# കുടിയേറ്റം സ്വത്വം സ്വാതന്ത്ര്യം

—ദിവ്യ ബാലൻ

അനാദികാലം മുതൽ മനുഷ്യന്റെ രക്തത്തിലലിഞ്ഞു ചേർന്ന ചോദനകളിലൊന്നാണ് യാത്രകൾ. പറുദീസാനഷ്ടത്തിൽ തുടങ്ങിയ അവന്റെ, അവളുടെ, അവരുടെ, അവർക്കുശേഷം വന്നവരുടെ പ്രയാണങ്ങൾ വൻകരകളെ ജനാധിവാസമുള്ളതാക്കി, സംസ്കാരങ്ങളെ ബഹുകരമാക്കി. അടക്കാനാവാത്തതും തടുക്കാനാവാത്തതുമായ വിവിധ ഘടകങ്ങൾ പലകാലങ്ങളിൽ മനുഷ്യനെ അനേക ദേശങ്ങളിലേക്ക് നയിച്ചുകൊണ്ടേയിരുന്നു. ആ ദേശാന്തരഗമനങ്ങൾ ചിലർക്ക് സ്വയം തെരഞ്ഞെടുപ്പുകൾ ആയിരുന്നെങ്കിൽ മറ്റു ചിലർക്ക് നിർബന്ധിത പ്രവർത്തിയായിരുന്നു. അവരെത്തിച്ചേർന്ന അപരിചിതനാട്ടുകളിലെ സവിശേഷസാമൂഹിക സാഹചര്യങ്ങൾക്കനുസരിച്ച് സ്വീകരണവും നിരാസവും നേരിട്ടവർ അസാധാരമായ വൈദഗ്ധ്യത്തോടെ തങ്ങളുടേതായ ഇടം കണ്ടെത്തുകയും അവിടങ്ങളിൽ താമസമാക്കുകയും ചെയ്തു. എന്നാൽ മടങ്ങിവന്നവരുടെ കൂടി ചരിത്രമാണ് പ്രവാസം. വൈരുധ്യങ്ങളുടെ ആകത്തുകയാണത് എന്നു പറഞ്ഞാലും തെറ്റാവില്ല. ജനിച്ചു വളർന്ന വീടും നാടുമുപേക്ഷിച്ചു ഗൃഹാതുരത്വത്തിന്റെ കെട്ടുമാറാപ്പും ചുമന്ന് അന്യദേശങ്ങളിൽ കുടിയേറിപ്പാർക്കേണ്ടി വന്നവന്റെ കഠിനയത്നങ്ങൾ പലപ്പോഴും അംഗീകരിക്കപ്പെട്ടപ്പോഴും പൊതുവിൽ പ്രവാസമെന്ന സാമൂഹിക പ്രക്രിയയുടെ സ്വീകാര്യത ചോദ്യം ചെയ്യപ്പെട്ടുകൊണ്ടേയിരിക്കുന്നു. പ്രത്യേകിച്ചും കുടിയേറ്റനിയമങ്ങളുടെ നിർവ്വഹണാധികാരം വെസ്റ്റ്ഫേലിയൻ നേഷൻ-സ്റ്റേറ്റുകളിൽ അധിഷ്ഠിതമാണെന്നിരിക്കെ. ഏതാണ്ട് രണ്ടു ദശാബ്ദം മുൻപുവരെ പിന്തുടർന്നിരുന്ന, കുടിയേറ്റം എന്നാൽ മൗലികമായും ഒരു സാമ്പത്തിക പ്രക്രിയയാണെന്ന, ചർച്ചകളിൽ നിന്ന് വ്യത്യസ്തമായി വർത്തമാനകാല കുടിയേറ്റങ്ങളെ രാഷ്ട്രങ്ങൾ അതിന്റെ ദേശീയവ്യവഹാരങ്ങളിൽ എങ്ങനെയാണ് രാജ്യസുരക്ഷയുമായി ബന്ധപ്പെടുത്തുന്നതെന്നതും ഇതിനോടനുബന്ധിച്ച് ചർച്ച ചെയ്യപ്പെടേണ്ടതാണ്.

ഒരു സ്റ്റേറ്റിന്റെ അടിസ്ഥാനപരമായ ഘടകങ്ങളായ ജനങ്ങൾ, ഭൂപ്രദേശം, പരമാധികാരം എന്നിവയെ ഏതുവിധേനയും സംരക്ഷിക്കുവാനുള്ള അധികാരം മറ്റൊരു മൂലഘടകമായ ഭരണകൂടത്തിൽ നിക്ഷിപ്തമാണ്. എന്തുതരം ഭരണവ്യവസ്ഥ നിലനിൽക്കുന്നു എന്നതനുസരിച്ച് നിയമങ്ങൾ ചുമത്തിയോ ബലം പ്രയോവിച്ചോ ഒക്കെ ഭരണകൂടം ദേശീയതാൽപര്യം സാധിച്ചെടുക്കുകയും ചെയ്യും. സൈനിക-സമാന്തര സൈനിക-പോലീസ് ശക്തികളുടെ ഉപയോഗം എല്ലായിപ്പോഴും നീതീകരിക്കപ്പെടുന്നതും ഇതേ അടിസ്ഥാനത്തിലാണ്. ഇന്നു നിലനിൽക്കുന്ന ബഹുഭൂരിപക്ഷം ഭരണകൂടങ്ങളും തത്വത്തിലെങ്കിലും ജനാധിപത്യാധിഷ്ഠിതമായതിനാൽ ജനങ്ങളുടെ തിരഞ്ഞെടുപ്പിനെ കാലാകാലങ്ങളിൽ നേരിടേണ്ടതുണ്ട്. അധികാരം നേടിയെടുക്കുക എന്നതുപോലെ തന്നെ അധികാരത്തിൽ നിലനിൽക്കുക എന്നതും ദുർഘടമായതിനാൽ ജനങ്ങളെ വൈകാരികമായി കൂടെനിർത്തി രാഷ്ട്രീയ മുതലെടുപ്പ് നടത്താൻ കഴിയുന്ന വിഷയങ്ങൾ അത്യന്താപേക്ഷിതമാണ്. ചിലപ്പോൾ അത് വർഗീയതയാവാം അല്ലെങ്കിൽ വംശീയത. ഇതു രണ്ടും കൂടിക്കുഴഞ്ഞ് എല്ലാത്തരം അരക്ഷിതത്വങ്ങൾക്കും വളക്കൂറുണ്ട് എന്നതിനാൽ വർത്തമാന കാലഘട്ടത്തിൽ ഏറ്റവുമധികം രാഷ്ട്രീയവൽക്കരിക്കപ്പെട്ട വാദവിഷയമാണ് കുടിയേറ്റം. 2001ലെ വേൾഡ് ട്രേഡ് സെന്റർ ആക്രമണം മുതൽ കുടിയേറ്റമെന്നാൽ രാജ്യത്തിന്റേയും ജനങ്ങളുടെയും സുരക്ഷയെത്തന്നെ ബാധിക്കുന്ന വിപത്താണെന്ന രീതിയിലുള്ള സംഘടിത പ്രചാരണം സാമ്പത്തിക-വംശീയ വ്യാഖ്യാനങ്ങൾക്കപ്പുറമൊരുമാനംതന്നെ കൊടുത്തു. ഇത് ആഗോള-ഉദാരവത്ക്കരണത്തിന്റെ ഈ കാലത്തു പോലും നേഷൻ-സ്റ്റേറ്റുകളെ ശക്തിപ്പെടുത്തുകയും എവിടേക്ക് ആർക്കൊക്കെ എപ്പോഴൊക്കെ കടന്നു ചെല്ലാമെന്ന് തീരുമാനിക്കുന്നത് സ്റ്റേറ്റിന്റെ വിശേഷാധികാരമായി മാറുകയും ചെയ്തു. 1992-ൽ രൂപംകൊണ്ട, ഭാഗീകമെങ്കിലും സ്വേച്ഛാനുസാരപരമായ പരമാധികാര സമർപ്പണം മുഖ്യതത്വങ്ങളിലൊന്നായ അതിദേശീയ / 'സുപ്രാനാഷണൽ' സംഘടനയായ യൂറോപ്യൻ യൂണിയൻ പോലും എല്ലാ അംഗരാജ്യങ്ങൾക്കും ഒരേപോലെ സ്വീകാര്യമായ കുടിയേറ്റ നിയമം നടപ്പിൽ വരുത്തുന്നതിൽ വിജയിച്ചിട്ടില്ല എന്നത് ഈ വിഷയത്തിന്റെ വിവാദസ്വഭാവം വ്യക്തമാക്കുന്നുണ്ട്.

ഈയൊരു പശ്ചാത്തലത്തിൽനിന്ന് നോക്കിയാൽ, കുടിയേറ്റമെന്നത് മിക്കകാലത്തും അതാതു രാഷ്ട്രങ്ങളുടെ തീരുമാനങ്ങൾ ആണെന്നും പ്രവാസിയെന്നത് അവന്റെ തീരുമാനങ്ങൾക്കും വ്യവഹാരങ്ങൾക്കുമപ്പുറം ഒരു നിർമിതിയാണെന്നും വാദിക്കാവുന്നതാണ്. കൊളോണിയൽ കാലത്തെ കൂലിത്തൊഴിലാളി സമ്പ്രദായമായാലും ലോകയുദ്ധാനന്തരകാലത്തെ 'ഗസ്റ്റ് ആർബിറ്റർ' സമ്പ്രദായമായാലും ഇപ്പോൾ ബ്രിട്ടൺ അടക്കമുള്ള പലരാജ്യങ്ങളിലും നിലനിൽക്കുന്ന വൈദഗ്ദ്യാധിഷ്ഠിത തിരഞ്ഞെടുപ്പായാലും ഇത് ശരിവെക്കുന്നതാണ്. നിലവിൽ ഉൽപാദനക്ഷമതയുള്ള യുവജനതതിയുടെ കമ്മി വികസിതരാജ്യങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളികൾ ആണെന്നിരിക്കെ പ്രത്യേകിച്ചും. എന്നാൽ രാഷ്ട്രങ്ങളുടെ ഇത്തരത്തിലുള്ള സമ്പദ്ഘടന സംബന്ധമായ ആവശ്യങ്ങൾക്കപ്പുറം കുടിയേറ്റത്തിന് സാമൂഹികവും സാംസ്കാരികവുമായ തലങ്ങൾ ഉണ്ടെന്നത് ഗൗനിക്കാതിരിക്കാനാവില്ല. ഉദാഹരണത്തിന്, കൊളോണിയൽ ബ്രിട്ടണിലേക്ക് പതിനേഴാം നൂറ്റാണ്ടിലും പത്തൊൻപതാം നൂറ്റാണ്ടിലും സാവധാനത്തിൽ കുടിയേറിയ എണ്ണത്തിൽ നിസ്സാരമായ ഇന്ത്യക്കാരെ തദ്ദേശീയർ നോക്കിക്കണ്ടത് അവരുടെ അപ്രമാദിത്വത്തിന്റെ കീർത്തിമുദ്രകൾ എന്ന രീതിയിൽ ആയിരുന്നെങ്കിൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയോടു കൂടിത്തന്നെ മനോഭാവത്തിലെ മാറ്റം പ്രകടമാണെന്ന് അമർത്യ സെൻ അടക്കമുള്ളവർ നിരീക്ഷിക്കുന്നുണ്ട്. കുടിയേറ്റക്കാരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിത്തുടങ്ങുന്നതോടെ ബ്രിട്ടൺ അടക്കമുള്ള മിക്ക യൂറോപ്യൻ രാജ്യങ്ങളും അവരുടെ നിയമങ്ങൾ ശക്തമാക്കുകയാണ് ചെയ്തത്. വംശീയത അടിസ്ഥാനമാക്കിയുള്ള തിരഞ്ഞെടുപ്പുകളും തിരസ്കരണങ്ങളും വർഗ്ഗബന്ധനിയമങ്ങളും ആ കാലഘട്ടത്തിന്റെ സവിശേഷതകളായിരുന്നെങ്കിൽ അവയെയൊക്കെ അട്ടിമറിച്ച് കുടിയേറ്റങ്ങൾ നടന്നുകൊണ്ടേയിരുന്നു. ആദ്യകാല താത്ക്കാലിക-കൊളോണിയൽ കുടിയേറ്റങ്ങൾക്കു വിരുദ്ധമായി കുടുംബത്തോടൊത്തുള്ള വരവ് തുടങ്ങുന്നതും ഇതേ സമയത്തു തന്നെയാണ്.

കുടുംബത്തിന്റെ സാന്നിദ്ധ്യം അതുവരെയും സ്വകാര്യ സംഗതിയായി നിവർത്തിച്ചുപോന്ന ഗോത്ര-മത-സാംസ്കാരികമായ ശീലാചാരങ്ങൾ പൊതു ഇടങ്ങളിലേക്കുകൂടി വ്യാപിക്കുകയും കുടിയേറ്റത്തിന്റെ സ്വഭാവം സ്ഥിരമായതാവുകയും ചെയ്തു. പാശ്ചാത്യ യൂറോപ്യൻ രാജ്യങ്ങളുടെ പൊതുവിൽ കരുതപ്പെടുന്ന സാംസ്കാരിക ഏകാത്മകതയെ തച്ചുടച്ച് അവിടങ്ങളെ ഭിന്നജാതീയമാക്കിത്തീർക്കുകയും റദ്ദാക്കാൻ സാധിക്കാത്തവിധം പരിസരങ്ങളെ മാറ്റിത്തീർക്കുകയും ചെയ്തു. ബൃഹത്തായ ദേവാലയങ്ങളുടെ നിർമ്മാണങ്ങൾ, പ്രാദേശിക സംഘടനകളുടെ ആവിർഭാവം, സാംസ്കാരികാവശ്യങ്ങൾ നിവർത്തിക്കുന്നതിനാവശ്യമായ വ്യവസായ സംരംഭങ്ങളുടെയും ചെറിയ ചെറിയ കടകളുടെയും സ്ഥാപിക്കൽ, ഒറ്റതിരിഞ്ഞു പാർക്കൽ എന്നിങ്ങനെ ഒരുവശത്ത് പ്രവാസി സമൂഹം തങ്ങളുടേതായ ഒരിടം നേടിയെടുത്തപ്പോൾ മറുവശത്ത് ഇവയെയൊക്കെ പ്രതിരോധിക്കാൻ സ്റ്റേറ്റ് അതിന്റെ അധികാരങ്ങളെ ഉപയോഗിക്കുകയാണ് ചെയ്തത്. ഇതിന്റെ ദൂരവ്യാപകമായ പരിണതഫലം കുടിയേറ്റം മനുഷ്യവികസനത്തിന്റെ അടിസ്ഥാനാവകാശമാണെന്ന കാന്റിയൻ (Kantian) സങ്കൽപ്പത്തെ അട്ടിമറിച്ചുകൊണ്ടും വംശീയവാദമായി മാറിയെന്നുള്ളതാണ്. കുടിയേറ്റം അതിനുവശപ്പെട്ട എല്ലായിടങ്ങളെയും ദൃഷ്ടാന്തമില്ലാത്തവണ്ണം 'അതിവൈവിധ്യ'വൽക്കരിക്കുന്നതിനാൽ ദേശീയസ്വത്വം കളങ്കപെട്ട് ക്ഷയിച്ചുപോകുന്നതായും രാഷ്ട്രം ശിഥലീകരിക്കുന്നതായുമുള്ള തീവ്രദേശീയവാദികളുടെ പ്രചാരണം പ്രവാസികളെ ഒന്നടങ്കം പ്രതിക്കൂട്ടിൽ ആക്കുന്നുണ്ട്. മതാധിഷ്ഠിത ഭീകരപ്രവർത്തനങ്ങളുടെ ഉത്തരവാദിത്വം കൂടി ഇവരുടെ ചുമലിലേക്കാവുന്നതോടുകൂടി ജീവിതനിലവാരം മെച്ചപ്പെടുത്താനായി സ്വന്തം നാടുവിട്ടെത്തിയവർ അവരെത്തിപ്പെട്ട സമൂഹത്തിലെ എല്ലാ ദൂഷിപ്പുകൾക്കും സാമൂഹിക അസമത്വങ്ങൾക്കും വരെ ഉത്തരം പറയേണ്ടിവരുന്നു. ഇതിനൊക്കെ ശക്തിപകർന്നുകൊണ്ട് മാധ്യമങ്ങളും പൗരവൃന്ദവും ഇവർക്കെതിരെ തിരിയുകയും ചെയ്യുന്നു. പൊതുവിൽ ലോകത്തെവിടെ നോക്കിയാലുമിന്ന് കാണാൻ കഴിയുന്ന വംശീയ വിദ്വേഷത്തിനും കുടിയേറ്റ വിരുദ്ധതയ്ക്കുമുള്ള വമ്പൻ സ്വീകാര്യത പ്രവാസികളുടെ ജീവിതത്തെയും ഒട്ടൊന്നുമല്ല ബാധിക്കുന്നത്. അവന്റെ സ്വത്വം പുനർനിർമ്മിക്കപ്പെടുന്നതിൽ ഈ സാഹചര്യങ്ങൾക്കുള്ള പങ്ക് ചെറുതല്ലാത്തതുകൊണ്ടുതന്നെ പ്രവാസിയെന്ന വിളിപ്പേരിൽ ഊറ്റം കൊണ്ടിരുന്ന ഒരു തലമുറയ്ക്ക് മുന്നും പിന്നും എന്നൊരടയാളപ്പെടുത്തൽ ആവശ്യമാണെന്ന് തോന്നുന്നു.

ഗൾഫ് രാജ്യങ്ങളെയെടുത്താൽ അവിടങ്ങളിലേക്കു പോകുന്ന മറ്റു വികസ്വരരാജ്യങ്ങളിലെ അർദ്ധവിദഗ്ധ-അവിദഗ്ധ തൊഴിലാളിസമൂഹം പൗരത്വം ലഭിക്കാത്തതിനാൽ തങ്ങളുടെ പറിച്ചുനടലിനെ താത്ക്കാലികമായ ഒരു പ്രക്രിയയായാണ് കാണുന്നത്. ഉള്ളകാലം കൊണ്ട് പറ്റാവുന്നിടത്തോളം സമ്പാദിച്ച് നാട്ടിലേക്ക് തിരിച്ചുവരാനായി പോകുന്ന എക്സ്പാടിയേറ്റുകളാണവർ. ആ താത്ക്കാലികത അവരെ അവിടുത്തെ പൊതുസമൂഹത്തിൽ നിന്ന് ഒരുതരത്തിൽ അകലംപാലിക്കാൻ പ്രേരിപ്പിക്കുന്നുണ്ട്. തിരിച്ചുവരവ് മറ്റു ദേശങ്ങളിലേക്ക് ചേക്കേറിയവരെ സംബന്ധിച്ച് നടക്കാൻ സാധ്യതകുറവായ ഒരു മിഥ്യയാണെങ്കിൽ ഗൾഫിലേക്ക് പോകുന്നവർക്കതൊരു അനിവാര്യതയാണ്. തൊഴിൽ നിയമങ്ങളുടെ മാറ്റമാണവരെ അധികമായി ബാധിക്കുന്നത്. എന്നാൽ പ്രവാസി ജീവിതത്തിന്റേതായ എല്ലാ ഗൃഹാതുരത്വവും അനിശ്ചിതത്വവും അരക്ഷിതത്വവും ഇവരിലും കാണാം.

പ്രവാസിയെ സംബന്ധിച്ചിടത്തോളം അവന്റെ സ്വത്വം വലിയൊരളവിൽ നിർണയിക്കപ്പെടുന്നത് പ്രവാസത്തിന് മുൻപും അതിനുശേഷവുമുള്ള സ്വാനുഭവങ്ങളുടെ ആകെത്തുകയായാണ്. പ്രവാസത്തിന് മുൻപ് അസ്തിത്വപരമായ പ്രതിസന്ധിഘട്ടങ്ങളിലൂടെ കടന്നുപോയിട്ടുണ്ടാവാമെങ്കിലും പ്രവാസത്തിനുശേഷമുള്ള വ്യക്തിത്വം നഷ്ടപ്പെടലോ പുതുക്കിപ്പണിയലോ അവനെ എന്നന്നേക്കുമായി മാറ്റിമറിക്കുന്നുണ്ട്. അവന് ചിരപരിചിതങ്ങളായ ഒരുപാട് സ്വാതന്ത്ര്യങ്ങളെ ഇല്ലാതാക്കുകയോ പരിമിതപ്പെടുത്തുകയോ ചെയ്യുന്നുണ്ട്. ഉദാഹരണത്തിന്, മതാചാരപ്രകാരമുള്ള ചില ചിഹ്നങ്ങളുടെ പൊതുഇടങ്ങളിൽ ഉപയോഗം അതുമല്ലെങ്കിൽ ചില പ്രത്യേക വസ്ത്രധാരണരീതികളൊക്കെ ഈയൊരു ഡിസ്കോഴ്സിലെ പ്രധാനപ്പെട്ട ദൃഷ്ടാന്തങ്ങളാണ്. അതുപോലെ തന്നെ ചെന്നെത്തുന്നയിടങ്ങളിലെ പൗരസമൂഹം എങ്ങനെകാണുന്നു എന്നതും പ്രവാസികളുടെ സ്വത്വരൂപീകരണത്തിന്റെ അളവുകോലാണ്. ഇങ്ങനെയൊക്കെ ഉണ്ടായിവരുന്ന പല അടരുകളുള്ള പ്രവാസസ്വത്വം മിക്കപ്പോഴും അവനെ ചെന്നയിടങ്ങൾക്ക് അനുരൂപപ്പെടുത്തുന്നുണ്ട്. അപരത്വവൽക്കരിക്കപ്പെടുന്നൊരു സമൂഹത്തിലെ അതിജീവനത്തിന് അതവനെ പ്രാപ്തനാക്കുന്നുമുണ്ട്. അത്തരത്തിൽ നോക്കിയാൽ അതിജീവനത്തിന്റെ ചരിത്രമാണ് പ്രവാസത്തിന്റെ ചരിത്രം.

# പാമുക് സംസാരിക്കുമ്പോൾ

—കൃഷ്ണ അനുജൻ

കൊച്ചിയിൽ നിറയെ പുസ്തകങ്ങളുള്ള ഒരു വീട്ടിലാണ് ഞാൻ വളർന്നത്. പോയ സ്ഥലങ്ങളിൽ നിന്നെല്ലാം ഞാനും അമ്മയും ചേർന്ന് പുസ്തകങ്ങൾ വാങ്ങിച്ചു കൂട്ടി പുസ്ത്കപ്രദർശനങ്ങൾ, പഴയ പുസ്തകങ്ങൾ വിൽക്കുന്ന കടകൾ, ഒരിക്കൽ ഡൽഹിയിലെ വഴിയോരങ്ങളിൽ നിന്നു പോലും. പതുക്കെ, മുക്കും മൂലയും വായിച്ചവയും വായിക്കാത്തവയും ആലോചിച്ചുവാങ്ങിയവയും വെറുതെ സമ്മാനമായി കിട്ടിയവയുമായ പുസ്തകങ്ങൾകൊണ്ട് നിറഞ്ഞു. വൈദ്യുതിബിൽ അടച്ചതിന്റെ രശീതികളും നനച്ചുണക്കിയ വസ്ത്രങ്ങളും ഉപയോഗശൂന്യമായ ഇലക്ട്രോണിക് ഉപകരണങ്ങളും അമ്മൂമ്മ ഒളിപ്പിച്ചുവെക്കുന്ന സുഗന്ധദ്രവ്യങ്ങളും പുസ്തകങ്ങൾക്കൊപ്പം ഇടം പങ്കിട്ടു. അങ്ങനെയാണ്, പതിനാലുവയസ്സിൽ ഞാൻ ഓർഹൻ പാമുക്കിന്റെ ഇസ്താൻബുൾ വായിക്കാൻ ഇടയായത്. ഇംഗ്ലീഷ്, അമേരിക്കൻ സാഹിത്യം പതിവായി വായിച്ചുവളരവേയാണ് പാമുക് ഒരു മുഴുവൻ പുതിയ ലോകം എനിക്കു മുൻപിൽ തുറന്നിട്ടത്. പെട്ടെന്ന്, കൊച്ചിയോടു കിടക്കുന്ന ഒരു പട്ടണത്തിലെ പെൺകുട്ടിക്ക് ടർക്കിയിലെ ഇസ്താൻബൂളിൽ വളരുന്ന ഒരു ആൺകുട്ടിയെ മനസ്സിലാക്കാൻ സാധിച്ചു. ആദ്യത്തെ പരിചയപ്പെടൽ അതായിരുന്നു.

പതിനൊന്നു കൊല്ലങ്ങൾക്കും ആയിരക്കണക്കിനു കിലോമീറ്ററുകൾക്കും സ്നോ. മൈ നെയിം ഈസ് റെഡ് എന്നീ രചനകൾക്കും (മറ്റു ചില ആഗോളനോവലുകൾക്കും) ഇപ്പുറം ഞാൻ കൊളംബിയ യുണിവേഴ്സിറ്റിയിലെ പുലിസ്റ്റർ ഹാളിൽ ഓർഹൻ പാമുകുമായി ആദം കിർഷ് സംവദിക്കുന്നതിനു സാക്ഷിയായി. ആദം കിർഷ് ആയിടെയാണ് ആഗോളനോവൽ എന്ന വിഷയത്തെക്കുറിച്ചുള്ള ഏതാനും ലേഖനങ്ങളുടെ സമാഹാരം പുറത്തിറക്കിയത്. കൊളംബിയ യൂണിവേഴ്സിറ്റിയുടെ സ്കൂൾ ഓഫ് ജേർണലിസം പ്രശസ്തരായ പ്രാസംഗികരുടെ ആവേശം കൊള്ളിക്കുന്ന പ്രഭാഷണങ്ങൾ സംഘടിപ്പിക്കുമ്പോൾ പല തുറകളിലുമുള്ള സദസ്യർ എത്തിച്ചേരാറുണ്ട്. അറിവിന്റെ ശരിയായ ഇരിപ്പിടം തന്നെയാണത്. ശിശിരം അവസാനിക്കാറായിരുന്നു. വല്ലാത്ത തണുപ്പുള്ള ആ സന്ധ്യയിലും ഹാൾ നിറഞ്ഞു കവിഞ്ഞിരുന്നു. എന്റെ സുഹൃത്ത് എനിക്കായി കരുതിവെച്ചിരുന്ന ഇരിപ്പിടത്തിലേക്ക് പാമുകിന്റെ ഓട്ടോഗ്രാഫിനായി കയ്യിലെടുത്തിരുന്ന ദി ബ്ലാക്ക് ബുക്കിന്റെ കോപ്പിയുമായി ഞാൻ നീങ്ങി.

ഓർഹൻ പാമുക് വേദിയിൽ ഇരിക്കുകയാണ്. സ്യൂട്ട് ധരിച്ച, മെലിഞ്ഞു നീണ്ട, ഒരു പശ്ചിമേഷ്യൻ സ്റ്റീഫൻ ഹോക്കിങ്ങിനെ എവിടെയോ ഓർമ്മിപ്പിക്കുന്ന രൂപം. കുറച്ചുകൂടി ചെറുപ്പവും വലിപ്പവുമുള്ള ആദം കിർഷ്-ന്യൂയോർക്കുകാരൻ എന്നു സംശയം—അദ്ദേഹത്തിന്റെ വലതുവശത്തും. രണ്ടു വൈജ്ഞാനികൾ തമ്മിലുള്ള ഒരു സംസാരമാണ് നടക്കാൻ പോകുന്നത്; പാമുക് അത്ര വാഗ്മിയൊന്നുമല്ല എന്ന് ആരോ എനിക്കൊരു താക്കീതും തന്നിരുന്നു. നീണ്ട ഏകതാനമായ ഒരു സംഭാഷണത്തിന്റെ സൂചനകളെല്ലാം വായുവിലുണ്ടായിരുന്നു. എങ്കിലും, വളർന്നു എന്നു തോന്നിച്ചകാലത്ത് ഞാൻ ആരാധിച്ചിരുന്ന ഈ മനുഷ്യനെ കേൾക്കുവാൻ തന്നെ ഞാൻ ഉറച്ചിരുന്നു. എന്താണ് ആഗോളനോവൽ? എന്ന പൊള്ളിക്കുന്ന ചോദ്യവുമായാണ് പാമുക് സംഭാഷണം ആരംഭിച്ചത്. വൈജ്ഞാനികർക്ക് തുടക്കത്തിൽതന്നെ നിർവചനങ്ങൾ ലഭിക്കണം. ഞങ്ങൾ അങ്ങനെയാണ് പ്രവർത്തിക്കുന്നത്. പ്രകോപിപ്പിക്കുന്ന, അധികവും നല്ലതല്ലാത്ത രീതിയിൽ ഉപയോഗിക്കുന്ന ഒരു വാകാണ് അത് എങ്കിലും, സാഹിത്യത്തിലെ നല്ല സംജ്ഞകളിൽ ഒന്നാണതെന്ന് ആദം കിർഷ് വിശദീകരിച്ചു. ദേശീയ സാഹിത്യത്തിന്റെ കാലം അവസാനിച്ചിരിക്കുന്നു. എങ്കിലും പരക്കെ വായിക്കപ്പെടുന്ന പലതും ആഴത്തിൽ വായിക്കപ്പെടുന്നില്ല എന്നത് ആശങ്കയുണർത്തുന്നു. സാഹിത്യത്തിന്റെ ആഗോള സ്വഭാവവും അതിന്റെ അന്താരാഷ്ട്രപ്രശസ്തിയും തമ്മിൽ ബന്ധപ്പെട്ടാണിരിക്കുന്നതെന്ന് പാമുക് ചൂണ്ടിക്കാട്ടി. ഇതിനു വളംവെച്ചു കൊടുക്കുന്ന എഴുത്തുകാരൻ നഷ്ടമാകുന്നത് സമർപ്പണമനോഭാവമുള്ള ദേശീയ വായനക്കാരാണോ അതോ അന്താരാഷ്ട വായനസമൂഹമാണോ എന്ന് പലരും എന്നോടും ചോദിക്കാറുണ്ട്. എഴുത്തുഭാഷ തന്നെ ഇംഗ്ലീഷ് ആയ ഇംഗ്ലീഷ്-അമേരിക്കൻ എഴുത്തുകാർക്ക് ഇതു കുറച്ചുകൂടി എളുപ്പമാണ്. കാരണം ഇംഗ്ലീഷ് ഇന്നൊരു ആഗോള-മാദ്ധ്യമമാണ്. പ്രത്യേക ദേശങ്ങൾ, ഇടങ്ങൾ, സംസ്കാരങ്ങൾ ഇവയെക്കുറിച്ചെഴുതുന്ന ആഗോള എഴുത്തുകാരിൽ രണ്ടു തരക്കാരുണ്ട് എന്ന തന്റെ അഭിപ്രായത്തെക്കുറിച്ചും പാമുക് സംസാരിച്ചു. ഒരു കൂട്ടർ ഒരു പ്രത്യേക പ്രദേശത്തെ വായനക്കാർക്കുവേണ്ടി മാത്രം എഴുതുകയും അതിൽനിന്ന് പ്രശസ്തിയാർജ്ജിക്കുകയും ചെയ്യുന്നു. മറ്റേക്കൂട്ടർ, കസുവോ ഇഷിഗുരോവിനെപ്പോലെയുള്ള ചിലർ, ആഗോളവായനാസമൂഹത്തെ ലക്ഷ്യമാക്കിത്തന്നെ എഴുതുന്നു.

ആഗോളവായനാസമൂഹത്തെ മാത്രം ഉദ്ദേശിച്ചെഴുതുന്ന ഒരു നോവൽ പ്രാദേശികവും സവിശേഷവുമായ വിശദാംശങ്ങളെ പെരുപ്പിച്ചുകാട്ടുന്നു. എന്നാൽ ഒരു പാമുക് നോവലിൽ നിന്ന് എപ്പോഴും ഞാൻ പുറത്തുകടക്കുക ടർക്കിയിലെ തെരുവുകളുടെ ഗന്ധം ചുമന്നുകൊണ്ടാവും. ആഗോളവായനക്കാരൻ ഒരു ദേശത്തിന്റെ ആധികാരികതയിൽ വളരെയധികം ശ്രദ്ധിക്കുന്നുണ്ടേന്നതിനെക്കുറിച്ചു അദ്ദേഹം തികച്ചും ബോധവാനാണെന്നു തോന്നി. എന്നാൽ ഇത് നോവലിന്റെ ചരിത്രവുമായാണ് ബന്ധപ്പെട്ടിരിക്കുന്നതെന്ന് അദ്ദേഹം നിർദ്ദേശിച്ചു. ദേശരാഷ്ടങ്ങളുടെ ഉയർച്ചക്കൊപ്പം തന്നെയാണ് നോവലിന്റെ പ്രശസ്തിയും വർദ്ധിച്ചത്. പുഷ്ടിപ്പെട്ടുവരുന്ന മദ്ധ്യവർഗ്ഗത്തിന് ആസ്വദിക്കാൻ സാധിക്കുന്നതും വിലകുറഞ്ഞതും സുലഭവുമായ ഒരു മാദ്ധ്യമമായിരുന്നു നോവൽ. ഉപയോഗിച്ച പുസ്തകങ്ങൾക്കിടയിൽ നിന്നു വാങ്ങിയ ദി ബ്ലാക്ക് ബുക്ക് നോക്കി ഞാൻ നന്നായൊന്നു തലകുലുക്കി. പക്ഷേ, വിശദാംശങ്ങൾ പ്രാദേശികതലത്തിൽ മാത്രമേ ആസ്വദിക്കപ്പെടുന്നുള്ളൂ, അദ്ദേഹം പറഞ്ഞു. തങ്ങളുടെ ജീവിതത്തിന്റെ കൊച്ചു കൊച്ചു വിശദാംശങ്ങൾ കലയുടെ ഉയർന്ന തലങ്ങലിലേക്ക് ഉയർത്തപ്പെട്ടു കാണുന്നത് ആളുകൾക്ക് ഇഷ്ടമാണ്. തികച്ചും സാധാരണമായതിന്റെ വിവരങ്ങളാണ് വായനക്കാരെ അദ്ദേഹത്തിന്റെ കൃതികളിലേക്ക് ഇത്രയും വലിച്ചടുപ്പിക്കുന്നത് എന്നു ഞാൻ അനുമാനിച്ചു.

ഒരു നോവലിനെ ആഗോളവത്ക്കരിക്കുന്നതിന് രണ്ടു മാർഗ്ഗങ്ങൾ ഉണ്ടെന്ന് കിർഷ് വാദിച്ചു; ഒരു ജനവിഭാഗത്തെയോ ഒരു പ്രദേശത്തെയോ ബന്ധപ്പെടുത്താതെ കഥ പറയാം-കാഫ്ക ചെയ്യുന്നതു പോലെ- അല്ലെങ്കിൽ ഫോക്നറോ പാമുകോ ചെയ്യുന്നതുപോലെ വിശാംശങ്ങളുടെ സമൃദ്ധികൊണ്ട് ആഗോളവായനാസമൂഹത്തെ പ്രാദേശികമായ അനുഭങ്ങളിലേക്ക് ഉയർത്തിക്കൊണ്ടുവരാം. ഒരു എഴുത്തുകാരൻ അതിനു ശ്രമിക്കുകതന്നെ വേണമെന്നാണ് അദ്ദേഹം വിശ്വസിക്കുന്നത്. വിജയം നേടിയ ഒരു കൃതി ഒരിക്കലും ഒരു ഗൂഢാലോചനയല്ല, അദ്ദേഹം പറഞ്ഞു. എന്തുകൊണ്ടാണ് നമുക്ക് അവ്യക്തമായ വിവരണങ്ങൾ നിറഞ്ഞ ഒരു കൃതി ഇഷ്ടപ്പെടാൻ കഴിയാത്തത് എന്നതിനെക്കുറിച്ച് അദ്ദേഹം വളരെ എളുപ്പമായി എന്നാൽ വളരെ കൃത്യമായി നടത്തിയ വിശകലനം എന്നെ ഞെട്ടിച്ചുകളഞ്ഞു—നാം അന്യരാണെന്ന തോന്നൽ ഉണ്ടാകുന്നതുകൊണ്ട്. ഉള്ളടക്കത്തെ ആധാരമാക്കിയാണ് ആസ്വാദനം സംഭവിക്കുന്നതെന്നും അദ്ദേഹം നിരീക്ഷിച്ചു. അദ്ദേഹത്തിന്റെ നോവലുകളിൽ പലതിനും വ്യത്യസ്ത രാജ്യങ്ങളിൽ ലഭിച്ചിട്ടുള്ള പ്രശസ്തിയുടെ അളവിനും വ്യത്യാസമുണ്ടത്രേ. 9 / 11 ന്റെ കാലത്ത് അദ്ദേഹത്തിന്റെ സ്നോ എന്ന നോവലിന്, അത് ടർക്കിയിലെ ഇസ്ലാം തീവ്രവാദ രാഷ്ട്രീയത്തിന്റെ പശ്ചാത്തലത്തിൽ എഴുതപ്പെട്ടതായതുകൊണ്ട് അമേരിക്കയിൽ നല്ല പ്രചാരം ലഭിച്ചു. ടർക്കിയിലാകട്ടെ, ഇതിവൃത്തം പുതുമയില്ലാത്തതായതുകൊണ്ടാവാം, വായനക്കാരെ അത്രക്ക് ആകർഷിച്ചില്ല.

ചില സംസ്കാരങ്ങളുടെ അടച്ചുറപ്പാക്കിയ സ്വഭാവത്തെക്കുറിച്ച് പാമുക് സൂചിപ്പിച്ചിട്ടുള്ളതുകൊണ്ട് കിർഷ് ‘സ്നോ’യിലെ അവസാനവാചകത്തെക്കുറിച്ച് ചോദിച്ചു; അതിലെ പ്രധാന കഥാപാത്രമായ ഫാസിൽ ‘ഞങ്ങളെ ആർക്കും മനസ്സിലാവില്ല’ എന്ന പ്രസ്താവനയോടെയാണ് നോവൽ അവസാനിപ്പിക്കുന്നത്. പുസ്തകം വായിച്ച് അവിടംവരെയെത്തിയിട്ടും മനസ്സിലാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ് നിങ്ങൾ എങ്കിൽ വായിച്ചത് വെറുതെയായി എന്നാണ് അർത്ഥമെന്ന് പാമുക് ലളിതമായി ഉത്തരം നൽകി. ഫാസിൽ ദേശീയമായ തീവ്രവാദത്തിൽ വിശ്വസിക്കുന്ന ആളാണ്, അത് ഞാനല്ല, അവനെ ആരെങ്കിലും മനസ്സിലാക്കണമെന്നു അവൻ ആശിച്ചിരുന്നു. അത് അവന്റെ ആഗ്രഹമാണ്. പിന്നെ ഫാസിലിന്റെ പ്രതിധ്വനിയെന്നപോലെ അദ്ദേഹം ചോദിച്ചു. ആഗോളം എന്ന വാക്ക് നല്ല അർത്ഥത്തിൽ തന്നെ ഉപയോഗിക്കണം എന്നുണ്ടോ? ടർക്കിയും യൂറോപ്പും തമ്മിലുള്ള ബന്ധം വേണ്ടവിധം നിർവചിക്കപ്പെടാതിരുന്ന ഒരു കാലഘട്ടത്തിൽ ടർക്കിയിൽ വളരാൻ ഇടയായതിൽ നിന്നാണോ ദേശീയവാദവും ആഗോളവാദവും തമ്മിലുള്ള ഈ ഉരസൽ ഉണ്ടായിട്ടുണ്ടാവുക എന്ന് കിർഷ് ശങ്കിച്ചു. ആ ഉരസലല്ല ഇവിടെ പരാമർശിക്കപ്പെട്ടത് എന്ന് പാമുക് മറുവാദം ഉന്നയിച്ചു. ആഗോളവത്ക്കരിക്കപ്പെടാതിരിക്കുക എന്നതായിരുന്നു മാതൃക. അമേരിക്കൻ എഴുത്തുകാർക്ക് അവരുടെ വിവരണങ്ങളുടെ വിശദാംശങ്ങളിലേക്ക് കടക്കേണ്ട ആവശ്യം സാധാരണയായി ഉണ്ടാകുന്നില്ല. എന്നാൽ വിയറ്റ്നാമിലെയോ ഹങ്കറിയിലെയോ ഒരു എഴുത്തുകാരന് ബുദ്ധിപൂർവ്വം കണക്കുകൂട്ടി വിവരിക്കേണ്ടിവരുന്നു. ഈ നിരീക്ഷണം എത്ര പൊതുസ്വഭാവമുള്ളതാണ് എന്നത് എന്നെ ആഴത്തിൽ സ്പർശിച്ചു. അമേരിക്കയിലെത്തി രണ്ടുകൊല്ലം കഴിഞ്ഞിട്ടും എന്റെ പെരുമാറ്റം മറ്റുള്ളവർക്ക് ദഹിക്കണമെങ്കിൽ പല വിശദീകരണങ്ങളും നൽകേണ്ടിവരാറുണ്ട്. ഇതിന്റെ തെളിച്ചമുള്ള വശം എന്താണെന്നാൽ അടിസ്ഥാനപരമായ അനുമനത്തിന്റെ പുറത്താണ് നാമെല്ലാവരും പ്രവർത്തിക്കുന്നത്. വിശദാംശങ്ങളെ ഒഴിവാക്കിയാലും വികാരങ്ങൾ സാർവലൗകികമാണ്. അദ്ദേഹം നിരീക്ഷിച്ചു.

കിർഷ് വിശുദ്ധമല്ലാത്ത ഒരു ചോദ്യത്തിലേക്ക് കടന്നു. അറിവ് എന്ന പ്രതീക്ഷ പ്രതിഫലിപ്പിക്കുന്നത് ഭൗമരാഷ്ട്രീയമായ അറിവാണ്. സാമ്രാജ്യത്തിന്റെ ബാക്കിപത്രമാണോ ഇതു? എന്നും കിഴക്കിന്റെ വക്താവായ പാമുക് ആ ചോദ്യത്തെ തട്ടുത്തു, അത് സമയംകൊണ്ടുമാത്രം തെളിയുന്ന ഒന്നാണെന്നു പറഞ്ഞാണ്. നല്ല എഴുത്തുകാർ ധാരാളമുണ്ട്. എന്നാൽ മദ്ധ്യവർഗ്ഗം എന്നത് ഇംഗ്ലണ്ടിന്റെയും ഫ്രാൻസിന്റെയും സൃഷ്ടിയായതുകൊണ്ട് അവർക്ക് കുറച്ചു മേൽക്കൈ ലഭിച്ചു എന്നുമാത്രം. കിർഷ് തന്റെ അഭിപ്രായങ്ങൾക്ക് തിളങ്ങുന്ന ഒരു അടിവരയിട്ടു. നമ്മുടെ മനസ്സാക്ഷി ആഗോളവത്ക്കരിക്കപ്പെടുമ്പോൾ നമ്മുടെ സാഹിത്യത്തിലും അതുതന്നെ സംഭവിക്കും.

പുലിസ്റ്റർ ഹാളിലെ പതിവുപോലെ, കാണികൾക്ക് ചോദ്യങ്ങൾ ചോദിക്കാനായി സദസ്സിലെ ഇരിപ്പിടങ്ങൾക്കിടയിലെ നടപ്പാതയിലും മൈക്കുകൾ സ്ഥാപിച്ചിട്ടുണ്ടായിരുന്നു. കിർഷ് വാക്കുകൾ അവസാനിപ്പിക്കുമ്പോഴേക്കും തന്നെ ഈ മൈക്കുകൾക്കരികിൽ സദസ്യരുടെ നീളൻ വരികൾ രൂപംകൊണ്ടുകഴിഞ്ഞിരുന്നു. സമയമില്ലാത്തതുകൊണ്ട് ഇവരിൽ പലർക്കും പിന്നീട് ഇരിപ്പിടങ്ങളിലേക്ക് മടങ്ങേണ്ടിവന്നു. ആരോ ചോദിച്ചു. ഒരു പുസ്തകത്തിൻ ഒരു സംസ്കൃതിയെ വഞ്ചിക്കാനാകുമോ? ഒരിക്കൽ ടർക്കിക്കാരനല്ലാത്ത ഒരു വായനക്കാരൻ തന്നെ സമീപിച്ച് മിനിയേച്ചർ ചിത്രകലയെക്കുറിച്ച് ഒന്നുമറിയില്ലെങ്കിലും മൈ നെയിം ഈസ് റെഡ് നന്നായി ആസ്വദിച്ചു എന്ന പറഞ്ഞത് പാമുക് ഓർമ്മിച്ചു. ഒരു ടർക്കിക്കാരന് അത് കുറച്ചുകൂടി ആസ്വദിക്കാനായേക്കും എന്ന് ആ വായനക്കാരനു തോന്നിയത്രേ. എന്നാൽ ടർക്കിയിലെ വായനക്കാർക്കും അതൊന്നും ഓർമ്മയുണ്ടാവില്ല എന്നാണ് പാമുകിന്റെ തോന്നൽ. വിസ്മൃതമായ ഒരു സംസ്കാരത്തെ ആർക്കാണ് വഞ്ചിക്കാനാവുക?

സ്വയം ഏർപ്പെടുത്തുന്നതും രാജ്യം ഏർപ്പെടുത്തുന്നതുമായ സെൻസർഷിപ്പ് അദ്ദേഹത്തിന്റെ കൃതികളെ എങ്ങനെ ബാധിക്കുന്നു എന്നായിരുന്നു മറ്റൊരാൾക്ക് അറിയേണ്ടത്. ഉത്തരം ഉടൻ വന്നു. ഒരു നോവലിസ്റ്റ് എന്ന നിലക്ക് വളരെക്കുറച്ചു മാത്രം. എന്നാൽ ഒരു രാഷ്ട്രീയ നിരീക്ഷകൻ എന്ന നിലക്ക് വളരെയധികം. ഒരു രസകരമായ ചോദ്യം ഉയർന്നുവന്നു- പ്രാദേശിക സാഹിത്യം എന്ന ഇടനില അളവുകോൽ യഥാർത്ഥത്തിലുണ്ടോ? സ്വന്തം പ്രദേശത്തുനിന്ന് വായിക്കുവാൻ പാമുക് സദസ്യരെ പ്രോത്സാഹിപ്പിച്ചുവെങ്കിലും അത് കൂടുതൽ ആഴത്തിലുള്ള വായനക്ക് തടസ്സമാകരുതെന്ന് താക്കീതു നൽകുകയും ചെയ്തു. ഞാൻ ഇസ്താൻബുളിനെക്കുറിച്ച് എഴുതുന്നു-65 വർഷങ്ങൾ ഞാൻ ചെലവഴിച്ചത് അവിടെയാണ്. ഞാൻ ഇംഗ്ലീഷിൽ എഴുതുന്നതിനെപ്പറ്റി ചിന്തിച്ചിട്ടുണ്ട്, ശ്രമിച്ചിട്ടുമുണ്ട്. എങ്കിലും ടർക്കിഷ് ഭാഷയിൽ എഴുതുന്നതാണ് ഞാൻ കൂടുതൽ ആസ്വദിക്കുന്നത്. പിന്നെ ഞാനെന്തിന് ഇംഗ്ലീഷിൽ എഴുതണം? പലർക്കും അവരുടെ സ്വന്തം ഭാഷയിൽ എഴുതാൻ സാധിക്കുന്നില്ല എന്ന് അദ്ദേഹം പറഞ്ഞപ്പോൾ നോക്കുന്നത് എന്നെയാണോ എന്നു തോന്നിപ്പോയി- സ്വന്തം അമ്മമാരോട് അവർ ഏതു ഭാഷയിലാണോ സംസാരിക്കുന്നത്, അതിൽ ഒന്നുകിൽ അവർക്ക് എങ്ങനെയെഴുതണമെന്നറിയില്ല, അല്ലെങ്കിൽ അവർ പ്രവാസത്തിലാണ്, അതുമല്ലെങ്കിൽ നാട്ടിൽ അവർക്ക് വായനക്കാരില്ല എന്ന് അദ്ദേഹം പറഞ്ഞു. ഞാൻ ടർക്കിഷ് ഭാഷയിലാൺ സ്വപ്നം കാണുന്നത്. നിങ്ങൾ സ്വപ്നം കാണുന്നത് ഏതു ഭാഷയിലാണോ ആ ഭാഷയിൽ എഴുതുക എന്നത് നല്ലൊരാശയമാണ്.

പരിപാടി കഴിയാറായപ്പോൾ ഇന്ത്യാക്കാരനാണെന്ന് തോന്നിച്ച് ഒരു പിങ്ക് ഷർട്ടുകാരൻ നടവഴിയിലേക്കെത്തി. മൈക്കിലേക്ക് കുനിഞ്ഞ് അദ്ദേഹം ചോദിച്ചു. എനിക്ക് ഒരു നല്ല അവസാന ചോദ്യം ചോദിക്കാനുണ്ട്. എന്താണ് ജീവിതം എന്നതിന്റെ അർത്ഥം? സദസ്സിലെ ചിരിയടങ്ങിയപ്പോൾ പാമുക് സദസ്യരെ നോക്കി പുഞ്ചിരിച്ചു. ജീവിതത്തിന്റെ അർത്ഥം എന്നത് ഒരു ആഗോള ചോദ്യമാണ്. ഈ ചോദ്യം ഉള്ളതുകൊണ്ടാൺ ആഗോളസാഹിത്യം സാദ്ധ്യമാകുന്നത്. ഒരു നിമിഷം- ആ വലിയ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ ശ്രമിക്കുന്ന നോബൽ സമ്മാനജേതാവായ ടർക്കിഷ് എഴുത്തുകാരനെ അതേ ചോദ്യത്തിന് ഉത്തരം തേടുന്ന എന്റെ ഉള്ളിലെ പരിസ്ഥിതി ഗവേഷക ആഴത്തിൽ തൊട്ടറിഞ്ഞു. ഞങ്ങൾ രണ്ടുപേരും ഒരു വൃത്തം മുഴുവനാകിയിരിക്കുന്നു.

പരിഭാഷ: പ്രസന്ന. കെ. വർമ്മ

# സ്വാതന്ത്ര്യത്തിന്റെ റേഷൻ

—സന്തോഷ് ഏച്ചിക്കാനം

വയലിൽ നെൽച്ചെടി വിളഞ്ഞു നിൽക്കുന്നത് ലോകത്ത് വിശന്നുകൊണ്ടിരിക്കുന്ന എല്ലാവർക്കും വേണ്ടിയാണ്.

അതുപോലെയാണ് സ്വാതന്ത്ര്യവും.

ആ നെന്മണികളിൽ ഒന്നിന്റെ മുകളിൽ പോലും പ്രകൃതി ആരുടെയും പേര് കൊത്തിവച്ചിട്ടില്ല.

പക്ഷേ ഈ ധാന്യമണികൾ ഓരോന്നും ആര് എപ്പോൾ എങ്ങനെ ഏതളവിൽ തിന്നണമെന്ന രീതിയിൽ റേഷൻ സമ്പ്രദായം ഏർപ്പെടുത്തുന്നിടത്താണ് പ്രശ്നങ്ങൾ ആരംഭിക്കുന്നത്.

ആത്മാവിന്റെ വിശപ്പടക്കാൻ സ്വാതന്ത്ര്യം ഭക്ഷിച്ചേ പറ്റൂ.

അരിയോ ഗോതമ്പോ പോലെ സ്വാതന്ത്ര്യം വിതരണം ചെയ്യാൻ ഇന്ന് മതം, ജാതി, രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങൾ, മാധ്യമ ഭീകരത, സോഷ്യൽമീഡിയ, സദാചാര പ്പോലീസിന്റെ തൊപ്പി വച്ച സംഘടിത ആൾക്കൂട്ടങ്ങൾ എന്നിങ്ങനെ പലരും പല രൂപത്തിലും ഭാവത്തിലും റേഷൻ കടയുടെ ഷട്ടറും പൊക്കി തുലാസും കൈയ്യിൽ പിടിച്ചോണ്ട് നിൽപ്പുണ്ട്.

ഇവരുടെ ഒക്കെ മുന്നിൽ പട്ടിണിക്കോലങ്ങളെപ്പോലെ സഞ്ചിയും കക്ഷത്തിൽ വച്ച മഞ്ഞത്തും മഴയത്തും വെയിലത്തും മരണം വരെ കാത്തിരിക്കേണ്ട ഗതികേടിലാണ് നമ്മൾ.

അഡാർ തത്വജ്ഞാനികളൊക്കെ പറയുന്ന അത്യന്തികമായ സ്വാതന്ത്ര്യം അവിടെ നില്ക്കട്ടെ

അത്രയൊന്നും വേണ്ട

എങ്കിലും ജീവിക്കുന്ന രാജ്യത്ത് അവിടത്തെ ഭരണഘടന പ്രദാനം ചെയ്യുന്ന മിനിമം സ്വാതന്ത്ര്യമെങ്കിലും അളന്നു മേടിക്കാനുള്ള അവകാശം നമുക്കില്ലേ?

വീട്, നാട്, രാജ്യം, ലോകം, എന്നിങ്ങനെ അതാതു സ്ഥലത്തെ സാമൂഹികാവസ്ഥ അനുസരിച്ച് സ്വാതന്ത്ര്യത്തിനു രൂപപരിണാമം ഉണ്ടായിക്കൊണ്ടിരിക്കുമെന്നും അത് കേവലം ആപേക്ഷികമാണെന്നും നമുക്കറിയാം.

ഇന്ത്യയിൽ ഒരു പൗരന് പ്രദാനം ചെയ്യുന്ന സ്വാതന്ത്ര്യം മതാതിഷ്ഠിത ഭരണം നിലനിൽക്കുന്ന ഒരു അറബ് രാജ്യത്തിൽ ചെന്നാൽ കിട്ടില്ല.

ജനാധിപത്യസംവിധാനത്തിനുള്ളിൽ സ്വാതന്ത്ര്യത്തിന് ഒരു മദയാനയുടെ ഇമേജാണെന്നൊക്കെയാണ് പറയുന്നത്. അറബ് രാജ്യങ്ങളിൽ അത് കുഴിയാന ആവും.

പക്ഷേ, ഇന്ന് സ്വന്തം നാട്ടിൽ ആന പോയിട്ട് ഒരു കുഴിയാനയുടെ സ്വാതന്ത്ര്യം പോലും നമുക്ക് ലഭിക്കുന്നില്ല. അതേസമയം ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തിലെ പൗരന്മാരാണെന്ന പരിവേഷത്തിനകത്ത് തുമ്പിക്കൈയും പൊക്കി ചെവിയാട്ടിക്കൊണ്ട് നില്ക്കുകയും വേണം.

സ്വാതന്ത്ര്യം എന്നു പറഞ്ഞാൽ ഒരാളുടെ ചങ്ങല പൊട്ടിക്കുന്നതു മാത്രമല്ല. മറ്റൊരാളിന്റെ സ്വാതന്ത്ര്യത്തെ ആദരിക്കുന്നതും അതിനെ ഉദ്ദീപിപ്പിക്കുന്നതും കൂടിയാണെന്ന് നെൽസൺ മണ്ടേല പറഞ്ഞിട്ടുണ്ട്.

ഇവിടെ ആരാണ് മറ്റൊരാളാൽ ആദരിക്കപ്പെടുന്നത്...? ഏതു മൂല്യങ്ങളാണ് അന്യരാൽ ഉയിർത്തെഴുന്നേൽക്കപ്പെടുന്നത്?

നാനാത്വത്തിൽ ഏകത്വം എന്നൊക്കെ വലിയ വായിൽ ഡയലോഗ് അടിക്കുമെങ്കിലും ഒരു ഹിന്ദുവിനു മുസ്ലീമിനെയോ മുസ്ലീമിനു ക്രിസ്ത്യാനിയെയോ ആശയപരമായി വിമർശിക്കാനുള്ള സ്വാതന്ത്ര്യം ഇവിടെയുണ്ടോ...? എന്തിനധികം ഹിന്ദുവാണെന്നൊക്കെ പറയപ്പെടുന്ന ഞാൻ സ്വന്തം കഥയിലെ കഥാപാത്രങ്ങൾക്ക് മുസ്ലീം പേരുകൾ നൽകിയപ്പോൾ ഈ പറയുന്ന റേഷൻ കടക്കാർ എന്നെ ഇസ്ലാമോഫോബിയക്കാരനും തീവ്രസംഘിയുമാക്കി മാറ്റി.

'മീശ'യിൽ എത്തിയപ്പോൾ കഥാപാത്രങ്ങളെ നേരെ ചൊവ്വേ സംസാരിക്കാൻ പോലും സമ്മതിക്കാതെ നാവിൽ സെൻസർഷിപ്പിന്റെ ചെന്നിനായകം തേച്ചു കൊടുത്തു. മനുഷ്യർക്ക് നേരാംവണ്ണം തിന്നാനോ മുള്ളാനോ മനസ്സു തുറന്നു പ്രേമിക്കാനോ പറ്റാത്ത സ്ഥിതിവിശേഷങ്ങളിലേക്ക് കാര്യങ്ങൾ എത്തിക്കഴിഞ്ഞു. ഇപ്പോൾ കിട്ടിയ വാർത്തയിൽ പറയുന്നത് ജാതിയും മതവും ഒക്കെ അവരുടെ വ്യാപാരമേഖല ഹോട്ടൽ ശൃംഖലയിലേക്കും വസ്ത്രവിപണി രംഗത്തേക്കും വരെ വ്യാപിപ്പിക്കുന്നു എന്നാണ്. ഇനി മുതൽ ഹിന്ദുക്കൾ ഹിന്ദുക്കളുടെ തുണിക്കടയിലും മുസ്ലീങ്ങൾ സ്വമതസ്ഥരുടെ ഹോട്ടലിലും മാത്രമേ കയറൂ. കുപ്പായം തുന്നുന്നവരും പൊറോട്ട അടിക്കുന്നവനും സ്വന്തം പേരിലെങ്കിലും തന്റെ മതത്തിന്റെയും ജാതിയുടെയും പേര് നിർബന്ധമായും എഴുതി കഴുത്തിൽ തൂക്കേണ്ടി വരും.

ഇങ്ങനെ ഈ വക റേഷൻ കടക്കാരുടെ ഔദാര്യവും കാത്ത് ജീവിതകാലം മുഴുവൻ സഞ്ചിയും കക്ഷത്തിൽ വച്ച് അടിമകളെപ്പോലെ ജീവിച്ചിരിക്കുന്നതിനേക്കാളും നല്ലത് ബോബ് മർലി പറഞ്ഞതുപോലെ ജനങ്ങൾക്കും ജനാധിപത്യത്തിനും ഇടയിൽ സ്വാതന്ത്ര്യത്തിന്റെ ഇടനിലക്കാരായ ഇവരോട് സന്ധിയില്ലാത്ത യുദ്ധം പ്രഖ്യാപിച്ച് മരിക്കുന്നതാണ്.

# മൂന്ന് ചോദ്യങ്ങൾ

—സി. എസ്. വെങ്കിടേശ്വരൻ

1. താങ്കളുടെ പുതിയ പുസ്തകത്തിന്റെ പേര് 'മലയാളിയുടെ നവ മാധ്യമജീവിതം' എന്നാണ്. ആരാണ് മലയാളി? നാട്ടിൽ പാർക്കുന്നവർ? മലയാളം സംസാരിക്കുന്നവർ?
2. അറിയാതെ (അറിഞ്ഞു കൊണ്ടോ?) തടവിലാക്കപ്പെടുന്ന ഒരു പൗരസമൂഹത്തെക്കുറിച്ചാണ് താങ്കളുടെ ആലുലത. എന്തുകൊണ്ട് അങ്ങനെ?
3. ആധുനിക മലയാളി സാങ്കേതിക ശരീരമായി മാറിയവരാണോ?




പരസ്പര വിനിമയത്തിലൂടെ തിരിച്ചറിയുന്നതും അറിഞ്ഞുമറിയാതെയും പങ്കിടുന്നതുമായ സ്വത്വകേളികളിലൂടെയാണ് ഒരു കൂട്ടം മനുഷ്യർ ഒരു ജനതയായി സ്വയം ഭാവന ചെയ്യുന്നത് എങ്കിൽ നവമാധ്യമങ്ങൾ 'മലയാളി' എന്ന സ്വത്വത്തിന് അല്ലെങ്കിൽ സംഘബോധത്തിന് ഒരു പുതിയ വേദിയും വേഗവും രൂപവും നൽകിയിട്ടുണ്ട്. സംസ്കാരവിനിമയവും പങ്കിടലും അതിൽ നിന്നൊക്കെയുളവാകുന്ന സമാനതാബോധവും ബോധ്യവുമൊക്കെക്കൂടി നിർമ്മിക്കുന്ന / നിർമ്മിക്കപ്പെട്ടു കൊണ്ടിരിക്കുന്ന ഈ മലയാളി ആഗോളീയവ്യപ്തിയുള്ള ഒരു സ്വത്വമോ സ്വത്വസാധ്യതയോ ആണ്. മുമ്പ് പരസ്പരവിനിമയത്തിന് ഭൂമിശാസ്ത്രപരവും സമയപരവുമായ പരിമിതികൾ ഉണ്ടായിരുന്നു എങ്കിൽ ഇന്ന് വിവരസാങ്കേതികവിദ്യ അവയെയൊക്കെ അതിവർത്തിക്കുന്ന ഒന്നാണ്. മലയാളം ടെലിവിഷൻ ചാനലുകൾ ആഗോളവ്യാപകമായി ലഭ്യമായതോടെയാണ് ഇവിടുത്തെ ദൈനംദിനജീവിതവും രാഷ്ട്രീയവിവാദങ്ങളും പാരഡികളും ഒപ്പം പാട്ടും സിനിമയും എല്ലാം ലോകമെമ്പാടുമുള്ള മലയാളികളുടെ നിത്യജീവിതത്തിന്റെയും ചിന്തയുടെയും ഭാഗമായത്. കേരളത്തിൽ നടക്കുന്ന സംഭവങ്ങളോടുള്ള ഈ തത്സമയാഭിമുഖ്യം അതുവരെ 'പ്രാദേശിക'മായിരുന്ന നമ്മുടെ ദൃശ്യമാധ്യമസമ്പദ്വ്യവസ്ഥയെ ആഗോളീകരിച്ചു. മലയാളിപ്രേക്ഷകരുടെ ആ ലോകവിപണി ഉരുവായതോടെ മാധ്യമങ്ങൾ ആ ആഗോള മലയാളിയെ അഭിസംബോധന ചെയ്യാനും അതിലൂടെ അതിനെ കൂടുതൽ ഇഴയടുപ്പമുള്ളതാക്കാനും തുടങ്ങി.

കഴിഞ്ഞ ദശകങ്ങളിൽ ഇന്റർനെറ്റ് സാധ്യമാക്കിയ നിരന്തരവും തൽക്ഷണവുമായ സാമൂഹ്യമാധ്യമസമ്പർക്കം അതിനെ കൂടുതൽ ദൃഢവും ബഹുലവും ഒപ്പം കലുഷവും വിഭാഗീയവുമാക്കി.

അവരവർക്കു ചുറ്റും പണിയുന്ന ഒരു കണ്ണാടിച്ചുവരായി ഫേസ്ബുക്കും വാട്സപ്പും ഇന്നു മാറിയിരിക്കുന്നു. അവനവന്റെ തന്നെ അഭിപ്രായങ്ങളും മുൻവിധികളും ഇഷ്ടാനിഷ്ടങ്ങളും പ്രതിഫലിപ്പിക്കുന്നതും പെരുപ്പിക്കുന്നതും ആയ ഒരു കണ്ണാടിക്കൂടാണത്. ആ കൂട്ടിൽനിന്നുകൊണ്ട് നമുക്ക് ആരെയും അധിക്ഷേപിക്കാം, തെറിവിളിക്കാം, വളരെ സ്വകാര്യമെന്നു കരുതിയിരുന്ന രഹസ്യങ്ങൾ വിളിച്ചുപറയാം, സ്വയം വെളിപ്പെടുത്തുകയോ മറഞ്ഞുനിൽക്കുകയോ ചെയ്യാം; അതിനൊന്നും ആരുടെയും തെറി പറയുന്നയാളുടെയും ലക്ഷ്യമാക്കുന്നയാളുടെയും—ഭൂതകാലമോ കർമ്മപാരമ്പര്യമോ തടസ്സമാകുന്നില്ല.

ഇന്ന് രാഷ്ട്രീയത്തിലും സിനിമയിലും സാമ്പത്തികരംഗത്തും സ്വാധീനമുള്ളവർ സമൂഹമാധ്യമങ്ങളിൽ സ്വന്തം ഗുണ്ടാസംഘങ്ങളെയിറക്കി ആ പൊതുഇടത്തെ സ്വന്തം വരുതിയ്ക്കു നിർത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന കാഴ്ചയാണ് കാണുന്നത്. അപ്പോൾ ഒരർത്ഥത്തിൽ അത് ഭൂമിയിൽ ജീവിക്കുന്ന മലയാളിസമൂഹത്തിന്റെ വിർച്വൽ പതിപ്പോ പ്രതിഫലനമോ ആയിത്തീർന്നിരിക്കുന്നു, ഒരേ സമയം 'സ്വതന്ത്ര'മെന്നും 'ജനാധിപത്യപര'മെന്നും തോന്നിപ്പിക്കുന്നതും എന്നാൽ വളരെയാഴത്തിൽ വിക്ഷിപ്താതാല്പര്യങ്ങൾക്ക് സ്വാധീനമുള്ളതും അവർ പൊതുവ്യവഹാരങ്ങളെ നിരീക്ഷിക്കുന്നതും നിയന്ത്രിക്കുന്നതുമായ ഒന്ന്.

സാമൂഹ്യമാധ്യമങ്ങളും ടെലിവിഷന്റെ സർവ്വമണ്ഡലങ്ങളിലുമുള്ള സ്വാധീനവും നമുക്ക് വ്യാജമായ ഒരുതരം തുല്യതാബോധമോ പൗരാവകാശപ്രതീതിയോ നൽകുന്നുണ്ട്. അതായത് മാധ്യമങ്ങളുടെ തുറന്നരശിൽ നമ്മളെല്ലാവരും തുല്യരും ഒരേ അവകാശാധികാരങ്ങളുള്ള മനുഷ്യരുമാണ് എന്ന തോന്നൽ ഉണ്ട്. നമ്മുടെ മാധ്യമങ്ങൾ വ്യക്തികളുടെ രാഷ്ട്രീയജീവിതത്തിന് അങ്ങിനെയൊരു തിരശ്ചീനപ്രതീതിയാണ് നൽകുന്നത്. എന്നാൽ നമ്മൾ ജീവിക്കുന്ന നമ്മുടെ ജീവിതവും ഇടപെടുന്ന സമൂഹവും പലതരത്തിലും തലത്തിലും തട്ടുകളായി വിഭജിക്കപ്പെട്ടിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം, നിത്യജീവിതാനുഭവം. ജാതി, മതം, വർഗ്ഗം, ലിംഗം എന്നു തുടങ്ങി അനവധി ഗണങ്ങളാൽ നമ്മൾ മേൽക്കീഴ് തട്ടുകളിലായി അടുക്കപ്പെട്ടിരിക്കയാണ്; ഓരോ കള്ളിയിലുള്ളവർക്കും അവകാശപ്പെടാവുന്ന പൗരാവകാശങ്ങൾ, സ്വാതന്ത്ര്യം, സാമ്പത്തികനീതി, തുല്യത, അവസരങ്ങൾ, എന്നിവയും ശ്രേണീബദ്ധമാണ്. എങ്കിലും നമ്മൾ നിരന്തരം മാധ്യമങ്ങളൊരുക്കുന്ന വ്യാജതിരശ്ചീനതയിൽ അഭിരമിച്ചുകൊണ്ടേയിരിക്കുന്നു, അവിടെ നടക്കുന്ന മധ്യവർഗ്ഗ / ഉപരിജാതി കോലാഹലങ്ങൾ 'മലയാളി' സമൂഹത്തിന്റെയാകെയാണെന്ന മട്ടിൽ.

മാധ്യമങ്ങളൊരുക്കുന്ന മറ്റൊരു തടവറ സമവായത്തിന്റേതാണ്. സാമൂഹ്യമാധ്യമങ്ങളിൽ നടക്കുന്നത് പരസ്പരമുള്ള തെറിപറച്ചിലുകളും അവനവനെ നിരന്തരം എഴുന്നള്ളിക്കലുമാണെങ്കിൽ, ടെലിവിഷനാണ് നമ്മുടെ രാഷ്ട്രീയചർച്ചകളുടെ മറ്റൊരു സജീവവേദി; അതാണ് നമ്മുടെ രാഷ്ട്രീയ അജണ്ടകളെയും ജനാധിപത്യത്തിന്റെ ഭാവിയെയും പൊതുമണ്ഡലത്തിലെ സമവായങ്ങളെയും നയിക്കുന്നതും നിർണ്ണയിക്കുന്നതും. എന്നും പ്രശ്നങ്ങളും വിവാദങ്ങളും നിറഞ്ഞുനിൽക്കുന്ന ആ അരങ്ങിൽ നിരന്തരം തർക്കങ്ങളും അഭിപ്രായസംഘട്ടനങ്ങളും നടക്കുന്നുണ്ട് എങ്കിലും ഈ അഭിപ്രായവ്യത്യാസങ്ങളുടെയെല്ലാം ഭാവനാചക്രവാളം, അല്ലെങ്കിൽ രാഷ്ട്രീയബോധ്യം എന്നത് അതീവസമാനമായ ഒന്നാണ്. ജനായത്തത്തെയും സമൂഹജീവിതത്തെയും സമ്പദ്വ്യവസ്ഥയെയും സംബന്ധിക്കുന്ന നിർണ്ണായകവിഷയങ്ങളിൽ അവ ഐകമത്യം പുലർത്തുന്നു. വികസനം, ദേശരാഷ്ട്രം, ന്യൂനപക്ഷങ്ങൾ, ഇതരലൈംഗികത, പ്രവാസിതൊഴിലാളികൾ, തുടങ്ങി ഏതു വിഷയമെടുത്താലും ഈ തർക്കിക്കുന്നവരെല്ലാം തന്നെ ഒരേ അഭിപ്രായങ്ങളും നിലപാടുകളും പങ്കിടുന്നവരാണ് എന്നു കാണാം. ഈ സമവായത്തിനു പുറത്തോ അതിനെതിരോ അതിൽനിന്ന് വ്യത്യസ്തമോ ആയ അഭിപ്രായങ്ങൾക്കും നിലപാടുകൾക്കും ആശയങ്ങൽക്കും പ്രത്യക്ഷത്തിൽ തർക്കനിർഭരമായ ഈ അരങ്ങിൽ പ്രകാശനമോ ഇടമോ ഇല്ല. നിരന്തരമായ ഈ കോലാഹലം അന്നന്ന് നടക്കുന്ന ചൂടുപിടിച്ച തർക്കങ്ങളിലും വിവാദങ്ങളിലും നമ്മെയെല്ലാം 'പങ്കെടുപ്പിച്ച്' കൊണ്ട് ഒരൊറ്റ അഭിപ്രായസമന്വയത്തിന്റെ ചക്രവാളത്തിനകത്ത് അറിഞ്ഞുമറിയാതെയും ബോധപൂർവ്വവും അബോധപൂർവ്വവുമായി നമ്മെ ബന്ധിച്ചുകൊണ്ടെയിരിക്കുന്നു. ഇതിനു പുറത്തുള്ള ലോകത്തെ, അനുഭവങ്ങളെ, അറിവുകളെ അത് കാഴ്ചയിൽ നിന്ന്, കേൾവിയിൽനിന്ന് മറ(യ്)ക്കുന്നു. അങ്ങിനെ അവനവനെ മാത്രം പ്രതിഫലിപ്പിക്കുന്ന, പ്രതിനിധീകരിക്കുന്ന മറ്റൊരു കണ്ണാടിക്കൂടായി അവ മാറിയിരിക്കുന്നു.

സ്വാതന്ത്ര്യം എന്നത് ഞാൻ, ലോകം, ജീവൻ / ജീവിതം എന്നിവയുമായുള്ള എറ്റവും സർഗ്ഗാത്മകവും വികസ്വരവുമായ കെട്ടിമറിച്ചിലാണെങ്കിൽ മലയാളിയുടെ ജീവിതം രൂക്ഷമായ അസ്വാതന്ത്ര്യത്തിലൂടെയാണ് കടന്നുപോകുന്നത്. അപരാഭിമുഖ്യമാണ് ജീവനെ ജീവിതമാക്കി മാറ്റുന്നത്; എന്നിൻനിന്ന് വ്യത്യസ്തമായതെല്ലാം എനിക്കെതിരാണ് എന്ന് കരുതുന്ന ഒരു മാനസികാവയിലാണ് നാമിപ്പോൾ; എല്ലാം ഞാനെന്ന ഭാവത്തിലുള്ള ഈ ജീവിതം അപരത്തെ ഭയക്കുന്നതും അന്യത്തെ അഭിമുഖീകരിക്കാത്തതുമായ ഒന്നാണ്; ഞാൻ എന്നത് ഒരു സെൽഫി മാത്രമായിത്തീരുന്ന അവസ്ഥ. ലോകം എന്ന അപരത്തിലേക്ക് ഒരു തുറസ്സുമില്ലാത്ത അതിന്റെ അതാര്യവും അടഞ്ഞതുമായ അവസ്ഥയിൽ ജീവിതം എന്നത് ജീവനം മാത്രമായി ചുരുങ്ങുന്നു.

# കെ. പി. കൃഷ്ണകുമാർ



ശില്പം, അമൃത്കുടീർ, കൽക്കത്ത. (ഫോട്ടോ: ഉണ്ണി ആർ)

# ടാഗോറിന്റെ പ്രാർത്ഥന

—ടി. എം. യേശുദാസൻ

നമ്മുടെ രാജ്യം എഴുപത്തൊന്നാം സ്വാതന്ത്ര്യദിനം ആചരിക്കുമ്പോൾ ആഹ്ലാദത്തെക്കാളേറെ ആശങ്കകളാണ് സ്വകാര്യചിന്തകളിൽ തിങ്ങിവിങ്ങുന്നത്. ദേശീയബോധത്തിന്റെ ആപത്തുകളെക്കുറിച്ച് ഫാനനും ടഗോറും നൽകിയ മുന്നറിയിപ്പുകൾ ശരിവയ്ക്കുന്ന തരത്തിലാണ് കാര്യങ്ങൾ നമ്മളെ അതിവേഗത്തിൽ ഓവർടേക്ക് ചെയ്യുന്നത്. മനോഭാവം കൊണ്ടും നിലപാടുകൊണ്ടും യൂറോപ്യൻ ബൂർഷ്വാസിയോടാണ് ദേശീയ ബൂർഷ്വാസിയ്ക്ക് കൂടുതൽ അടുപ്പമെന്നും കോളനിയനന്തര രാജ്യങ്ങളിൽ അവർ അധികാരം കയ്യാളുന്നതോടെ വിടപറഞ്ഞ യജമാന വർഗ്ഗത്തെ അനുകരിക്കുമെന്നും കടുത്ത ആഭ്യന്തരസംഘർഷത്തിനും അടിച്ചമർത്തലിനും ഇത് ഇടയാക്കുമെന്നുമാണ് ഫാനൻ പ്രവചിച്ചത്. ദരിദ്ര കർഷകരുടെയും അസംഘടിത തൊഴിലാളികളുടെയും ഓരങ്ങളിലെ ജാതി-ഗോത്രവിഭാഗങ്ങളുടെയും അഭയാർത്ഥികളുടെയും മറ്റും അതിദയനീയമായ മർദ്ദിതസഹചര്യങ്ങൾ ഇക്കാര്യം അടിവരയിട്ട് ഉറപ്പിയ്ക്കുന്നു. അടിസ്ഥാന സൗകര്യവികസനത്തിലും ശാസ്ത്ര-സാങ്കേതികരംഗങ്ങളിലും മറ്റും രാജ്യം കൈവരിച്ച നേട്ടങ്ങളെ മറന്നുകൊണ്ടല്ല ഇതു പറയുന്നത്. ജനാധിപത്യസംവിധാനങ്ങളുടെ തകർച്ചയും പെരുകിവരുന്ന മനുഷ്യാവകാശധ്വംസനങ്ങളും വിതരണ സംവിധാനങ്ങളുടെ അപര്യാപ്തതയും നീതിന്യായവ്യവസ്ഥയുടെ പ്രതിസന്ധിയും ഉൽക്കണ്ഠാജനകമായ മാനം കൈവരിക്കുന്നു.

ഇതിനൊക്കെ പുറമേ, വർദ്ധിച്ചുവരുന്ന ആൾക്കൂട്ടക്കൊലപാതകങ്ങളും ദുരഭിമാനക്കൊലകളും ബീഫ് നിരോധനവും അതുമായി ബന്ധപ്പെട്ട അക്രമങ്ങളും ഖാപ് പഞ്ചായത്തുകളുടെ തുക്കിക്കൊലകളും ബലാൽക്കാരങ്ങളും സാംസ്കാരികപ്രവർത്തകരുടെ ഉന്മൂലനവും പുസ്തകനിരോധനങ്ങളും ചുട്ടെരിക്കലും ആദിവാസി-ദലിത്-ന്യൂനപക്ഷ പീഡനങ്ങളും ഘർ വാപസിയും വ്യത്യസ്ത ജനവിഭാഗങ്ങൾക്കിടയിൽ വെറുപ്പും വിദ്വേഷവും വർദ്ധിപ്പിക്കുന്ന രാഷ്ട്രീയപാർട്ടികൾ നയിക്കുന്ന ഗവൺമെന്റുകളും ആസാം നാഷണൽ രജിസ്റ്റർ ഓഫ് സിറ്റിസൺസ് ബില്ലും ഉന്നതവിദ്യാഭ്യാസരംഗത്തെ കൈകടത്തലുമൊക്കെ ദേശപൂജയുടെ ഇരുണ്ടശക്തികളെക്കുറിച്ച് ടഗോർ നൽകിയ മുന്നറിയിപ്പുകളുമായി ഒത്തുപോകുന്നതാണ്. രാഷ്ട്രത്തെ ദേശത്തോടും ദേശത്തെ മതത്തോടും മതത്തെ ജാതിയോടും സമീകരിച്ചുകൊണ്ടാണ് ഹിന്ദുത്വവാദികൾ ഇതൊക്കെ ചെയ്യുന്നതും ചെയ്യിക്കുന്നതും. എം. എഫ്. ഹുസൈനും ദാദ്രിയിലെ അഖ്‌ലാക്കും ധബോൽക്കറും പൻസാരെയും കലബുർഗിയും രോഹിത്ത് വെമൂലയും ഗൗരി ലങ്കേഷും മതേതരത്വത്തിന്റേയും മാനവികതയുടെയും രക്തസാക്ഷികളാണ്. ടഗോർ പറഞ്ഞത് എത്ര ശരിയാണ്: ദേശപൂജയുടെ അന്ധമായ ആൾക്കൂട്ട മന:ശാസ്ത്രം ഉന്നതമായ മാനവികാദർശങ്ങളിൽ നിന്ന് ആളുകളെ പിൻതിരിപ്പിക്കുകയും സങ്കുചിതമായ ലക്ഷ്യത്തിനുവേണ്ടി അവരെ സജ്ജമാക്കുകയും ചെയ്യും. ഇത് ധാർമ്മികമായ അധഃപതനത്തിലേയ്ക്കും ബൗദ്ധികമായ അന്ധതയിലേയ്ക്കുമാകും അവരെ നയിക്കുക.

ധാർമ്മികമായി അധഃപതിച്ച, ബൗദ്ധികമായി അന്ധത ബാധിച്ച ഒരു ജനതയാകാനാണോ നാം സ്വാതന്ത്ര്യത്തിന്റെ എഴുപതു വർഷങ്ങൾ പിന്നിട്ടത്? വിവേകം കൊണ്ട് പക്വമാകേണ്ട പ്രായം.

സ്വാതന്ത്ര്യം എന്നത് വ്യാകരണത്തിൽ നാമപദമാണെങ്കിലും, സംസ്കാരത്തിലും രാഷ്ട്രിയത്തിലും ഒരു സകർമ്മക ക്രിയാപദത്തിന്റെ ധർമ്മവും ശക്തിയും സ്വഭാവവുമാണ് അതു പുലർത്തുന്നത്. നിഷ്പക്ഷതയും നിർവികാരത്വവും അതിന്റെ പ്രമാണങ്ങളല്ല. നിഷേധം, വിയോജിപ്പ്, ഖണ്ഡനം, തർക്കം, വിവാദം, തുടങ്ങിയ രീതികൾ ചേർന്നതാണ് അതിന്റെ പ്രവൃത്തിസമ്പ്രദായം. കൂടാതെ, നെഞ്ചൂറ്റം / ചങ്കുറപ്പ് / ദൃഢത അതിന്റെ മുഖമുദ്രയും. സൽമാൻ റുഷ്ദി പറയുംപോലെ, വ്രണപ്പെടുത്താനുള്ള സ്വാതന്ത്ര്യമില്ലെങ്കിൽ ആവിഷ്കാരസ്വാതന്ത്ര്യം ഇല്ലാതാകും.

തടസ്സങ്ങളാണ് സ്വാതന്ത്ര്യത്തിന്റെ മാറ്റുരയ്ക്കുന്നത്. പാരമ്പര്യത്തിന്റെ ഒഴുക്കിനൊപ്പം അലസമായി നീന്തുന്ന വിധേയപ്പെടലിനു ലഭിക്കുന്ന പ്രതിഫലങ്ങളെയാണ് പലപ്പോഴും നാം സ്വാതന്ത്ര്യമായി മനസ്സിലാക്കുന്നത്. വേറൊരു തരത്തിൽ പറഞ്ഞാൽ, സ്വാതന്ത്ര്യത്തിന് അതിന്റെ ഉത്ഭവമനുസരിച്ച് രണ്ടു പ്രകാരങ്ങളുണ്ട്: ഒന്ന്, കീഴ്വഴക്കങ്ങളോടു കൂറുപുലർത്തുകവഴി ലഭിക്കുന്ന അകർമ്മക സ്വാതന്ത്ര്യം; രണ്ട്, പ്രതിബന്ധങ്ങളോടുള്ള ഏറ്റുമുട്ടലിൽ വെളിപ്പെടുന്ന സകർമ്മക സ്വാതന്ത്ര്യം. ഒന്നാമത്തേത് ദാനമായ് കിട്ടുന്നതും രണ്ടാമത്തേത് വൈരുദ്ധ്യാത്മകമായി നേടുന്നതുമാണ്. അമൂർത്തമായ വെറും ആശയമല്ല സ്വാതന്ത്ര്യം. ഇവിടെ ഇപ്പോൾ സമൂർത്തമായും ഭൗതികമായും സാക്ഷാൽക്കരിക്കപ്പെടേണ്ട അനുഭവമാണ്. വിമർശനാത്മകമായ ഇച്ഛകൾ പിൻതുടരുന്നവരുടെ പാതയിൽ ഉയരുന്ന തടസ്സങ്ങളോടുള്ള അവരുടെ പ്രതികരണങ്ങളാണ് മേൽപ്പറഞ്ഞ രണ്ടു സ്വാതന്ത്ര്യപ്രകാരങ്ങളെ വേർതിരിയ്ക്കുന്നത്.

സർവപ്രധാനമായ നാലു് മനുഷ്യസ്വാതന്ത്ര്യങ്ങളായി ലോകം മുഴുവൻ അംഗീകരിച്ചിട്ടുള്ള അഭിപ്രായ-ആവിഷ്കാര സ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം, ഇല്ലായ്മയിൽ നിന്നുള്ള സ്വാതന്ത്ര്യം, ഭയത്തിൽനിന്നുള്ള സ്വാതന്ത്ര്യം എന്നിവയിൽ ഭയത്തിൽ നിന്നുള്ള സ്വാതന്ത്ര്യമാണ് യഥാർത്ഥ സ്വാതന്ത്ര്യമെന്ന് ഓങ് സാൻ സൂ ചീയെപ്പോലുള്ളവർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഭയത്തിന്റെ കീഴിൽ അഭിമാനത്തൊടുകൂടി ജീവിക്കാൻ ആർക്കും കഴിയുകയില്ല. നിർഭയമായ മനസ്സും ഉയർന്ന ശിരസ്സും അടിസ്ഥാനഘടകങ്ങളായ സ്വാതന്ത്ര്യത്തിന്റെ സ്വർഗ്ഗരാജ്യത്തിലേക്ക് എന്റെ രാജ്യത്തെ ഉണർത്തേണമേ എന്ന രബീന്ദ്രനാഥ ടഗോറിന്റെ പ്രാർത്ഥന എക്കാലത്തും പ്രസക്തമാണ്.

ആഗോളീകരണത്തിന്റെ ബൃഹദാക്രമണങ്ങൾക്കും ഫാസിസത്തിന്റെ പ്രത്യക്ഷാക്രമണങ്ങൾക്കും ഇടയിൽ ദേശീയഗാനത്തിന്റെ ബഹുസ്വരതയും മാനവികതയും മതേതരത്വവുമാണ് ഞാൻ ധ്യാനിക്കുന്നത്.

## ഉണ്ണി ആർ



കഥാകൃത്തും തിരക്കഥാകൃത്തുമാണ്. തിരുവനന്തപുരത്ത് താമസം. കോട്ടയത്തിനടുത്ത് കുടമാളൂരിൽ ജനിച്ചു. അച്ഛൻ എൻ. പരമേശ്വരൻ നായർ. അമ്മ കെ. എ. രാധമ്മ. ഭാര്യ അനുചന്ദ്രൻ. മകൾ സരസ്വതി.

## ബെന്യാമിൻ



പുതിയ തലമുറയിലെ മലയാളി ചെറുകഥാകൃത്തും നോവലിസ്റ്റുമാണ് ബെന്യാമിൻ. പ്രവാസിയായ ഇദ്ദേഹം ബഹ്റൈനിലാണ് താമസിക്കുന്നത്. സ്വദേശം പത്തനംതിട്ട ജില്ലയിലെ പന്തളത്തിനടുത്ത് കുളനട. ആനുകാലികങ്ങളിൽ കഥകളും നോവലുകളും എഴുതുന്നു. യഥാർത്ഥ നാമം ബെന്നി ഡാനിയേൽ. "ആടു ജീവിതം" എന്ന നോവലിന് 2009-ലെ മികച്ച നോവലിനുള്ള കേരള സാഹിത്യ അക്കാദമി പുരസ്കാരം നേടിയിട്ടുണ്ട്. നിരവധി പുരസ്കാരങ്ങൾ. അനേകം നോവലുകളും കഥാസമാഹാരങ്ങളും.

കാലിഗ്രഫി: എൻ. ഭട്ടതിരി

(വിവരങ്ങൾക്കും ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014